ഋതുമതിയുടെ നോമ്പും നമസ്കാരവും

بسم الله الرحمن الرحيم

ചോ : ഋതുമതിയുടെ നോമ്പിന്റേയും നമസ്കാരത്തിന്റേയും വിഷയത്തിൽ ചില കാര്യങ്ങളെല്ലാം ഗ്രഹിക്കാനിടയായി , ശരിയായ ഒരു വിശദീകരണം തന്നാലും ?

الحمد لله وحده والصلاة والسلام على رسوله وآله وصحبه . . وبعد :

ഉ : സ്ത്രീ ഋതുമതിയായാൽ നോമ്പും നമസ്കാരവും പാടില്ല , ശുദ്ധിയായാൽ നഷ്ടപ്പെട്ട നിർബന്ധ നോമ്പ് അവൾ നോറ്റു വീട്ടണം എന്നാൽ നമസ്കാരം ഖളാഅ് വീട്ടേണ്ടതില്ല , ഇമാം ബുഖാരിയും മറ്റും ഉദ്ധരിക്കുന്ന സ്ത്രീയുടെ മതത്തിലെ കുറവിനെക്കുറിച്ച് വിവരിക്കുന്ന പ്രവാചകൻ (സ)യുടെ വചനമാകുന്നു ഇതിന് തെളിവ് .

أليست إحداكن إذا حاضت لا تصوم ولا تصلي : (البخاري 1 / 45)

“നിങ്ങളിലൊരാൾ രജസ്വലയായാൽ നമസ്കരിക്കുകയോ നോമ്പനുഷ്ഠിക്കു കയോ ചെയ്യരുത് “(ബുഖാരി : 304).

ബുഖാരി , മുസ്ലിം , അബൂദാവൂദ് , നസാഈ,തുർമദി,ഇമാം അഹമ്മദ് എന്നീ ഹദീസ് പണ്ഡിതൻമാർ ഉദ്ധരിക്കുന്ന ഹദീസിലും ഇവ്വിഷയം കാണാം.

عن معاذة أنها سألت عائشة رضي الله عنها قالت ما بال الحائض تقضي الصوم ولا تقضي الصلاة ، فقالت عائشة رضي الله عنها : أحرورية أنت ؟ ، قالت : لست بحرورية ، ولكني أسأل ، فقالت : كنا نحيض على عهد رسول الله صلى الله عليه وسلم فنؤمر بقضاء الصوم ولا نؤمر بقضاء الصلاة .) (البخاري 1 / 356 ومسلم 1 / 265 برقم (335) ، وأبو داود 1 / 68 ، 69 برقم (262 ، 263) والنسائي 1 / 191 ، 192 ، والترمذي برقم (787 .

ക ക ക

“ മുആദ് (റ) യിൽ നിന്ന് അവർ ആയിശ (റ) യോട് ചോദിക്കുന്നു . ആർത്തവകാരി നഷ്ടപ്പെട്ട നോമ്പ് നോറ്റു വീട്ടണമെന്നും നമസ്കാരം ഖളാഅ് വീട്ടേണ്ടതില്ല എന്നും പറയാൻ കാരണമെന്ത് ആയിശ (റ) പറഞ്ഞു : നീ ഹറൂറിയ്യയാണോ ? (ഇറാക്കിലെ കൂഫക്കടുത്തുള്ള ഒരു സ്ഥലമാകുന്നു ഹറൂറിയ്യ ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് പിഴച്ചു പോയ ഖവാരിജുകളുടെ തുടക്കം ഈ പ്രദേശത്തു നിന്നായിരുന്നു ,ദീനിന്റെ അടിസ്ഥാന പ്രമാണങ്ങളേക്കാൾ സ്വാഭിപ്രായത്തിന് പരിഗണന നൽകുന്നവർക്ക് ഹറൂറി എന്ന് പ്രയോഗിക്കും). സ്വാഭിപ്രായത്തിന് പരിഗണന നൽകുന്നവളാണോ എന്ന അർഥത്തിലാണ് ആയിശ (റ) ആ സ്ത്രീയോട് അപ്രകാരം ചോദിക്കുന്നത് . ഞാൻ ഹറൂറിയായത് കൊണ്ട് കാര്യമറിയാൻ വേണ്ടി ചോദിക്കുകയാണെ ന്ന് മുആദ് (റ) പ്രതിവചിച്ചു ആയിശ (റ) പറഞ്ഞു : ഞങ്ങൾ പ്രവാചകൻ (സ)യുടെ കാലത്ത് രജസ്വലകളാകാറുണ്ടായിരുന്നു ഞങ്ങളോട് നോമ്പ് ഖളാഅ് വീട്ടാൻ അവിടുന്ന് കൽപിച്ചിരുന്നു എന്നാൽ നമസ്കാരം ഖളാഅ് വീട്ടാൻ കൽപിച്ചിരുന്നില്ല “. (ബുഖാരി , മുസ്ലിം , അബൂദാവൂദ് , തിർമിദി ,നസാഈ).

മഹിളകളോടുള്ള അല്ലാഹുവിന്റെ കാരുണ്യവും,ആർദ്രതയും വ്യക്തമാക്കുന്നതാകുന്നു ഈ ഇളവ് , നമസ്കാരം ദിനരാത്രങ്ങളിലായി അഞ്ച് തവണ ആവർത്തിക്കുന്ന കർമമാകുന്നു . ഋതുരക്തമാകട്ടെ എല്ലാ മാസവും ആവർത്തിക്കുന്നതുമാകുന്നു . അതു കൊണ്ട് തന്നെ നമസ്കാരം അനുഷ്ഠിക്കൽ പ്രയാസകരമായതിനാൽ ഇളവു നൽകി എന്നാൽ നോമ്പാകട്ടെ വർഷത്തിലൊരിക്കൽ മാത്രമുള്ള കർമമായതിനാൽ ഋതുരക്ത സാന്നിധ്യമുള്ള സമയത്ത് നോമ്പ് ഒഴിവാക്കാനും പിന്നീട് സൗകര്യം പോലെ നോറ്റു വീട്ടാനും കൽപിച്ചു . മതപരമായ വിഷയങ്ങളിലെ നന്മയാകുന്നു ഇതു കൊണ്ടുദ്ദേശ്യം .

وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم.
اللجنة الدائمة للبحوث العلمية والإفتاء
ഇസ്ലാമിക ഫത്വാ ബോർഡ് - സൗദി അറേബ്യ
വിവർത്തനം : ശാക്കിർ ഹുസൈൻ സ്വലാഹി
കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ് റബ്വ - റിയാദ് - സൗദി അറേബ്യ
ഫത്വ നമ്പർ 1545

Copyright © 2020 · Wisdom Islamic Organization

ക ക ക